**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ദിനാഘോഷം - ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 112/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/01/2019

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 29/12/2018 ലെ PAN/25437/2018-G2(DP) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പഞ്ചായത്ത് ഡയറക്ടറുടെ പരാമർശ കത്തിലെ അപേക്ഷ പരിഗണിച്ച്, 2019 ഫെബ്രുവരി 18.19 തീയതികളിൽ തൃശൂരിൽ വച്ച് നടക്കുന്ന 2019 വർഷത്തെ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ നടത്തിപ്പിനായി തൃശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- രൂപ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 15,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ജനറൽ കൺവീനറായ തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനും ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ വിവിധ വികസന പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള എക്സിബിഷനിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/- രൂപ വീതം ചെലവഴിക്കുന്നതിനും, ടി പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ത്രിതല ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് / സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും, നിയമാനുസൃത യാത്രാപ്പടി, താമസ സൗകര്യത്തിനുള്ള ചെലവ് എന്നിവ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.